റഗുലർ ഹയർ സെക്കണ്ടറി വിദ്യാർത്ഥികളുടെ വിജയശതമാനം കുറയുന്നതിനെ വിലയിരുത്തൽ

46 [2263] ശ്രീ. വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റഗുലർ ഹയർ സെക്കണ്ടറി ക്ലാസ്സുകളിലെ എത്ര ശതമാനം വീതം കുട്ടികൾ കഴിഞ്ഞ മൂന്നു വർഷമായി തോറ്റിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) റഗുലർ സ്കൂളുകളിൽ സീറ്റ് ലഭിക്കാതെ പ്രൈവറ്റ് ആയി പരീക്ഷ എഴുതിയ കുട്ടികൾ ഈ കാലയളവിൽ എത്ര ശതമാനം ഓരോ വർഷവും ജയിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) റഗുലർ ക്ലാസ്സിൽ ചേർന്ന കുട്ടികൾ കൂടുതൽ ശതമാനം തോൽക്കുകയും പ്രൈവറ്റായി പാരലൽ കോളേജുകളിൽ ചേർന്ന് പഠിച്ച കുട്ടികൾ കൂടുതൽ ശതമാനം ജയിക്കുകയും ചെയ്യുന്ന സാഹചര്യത്തിന് കാരണമെന്താണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 2002 മാർച്ചിൽ 26%-വും, 2003 മാർച്ചിൽ 28.58%-വും, 2004 മാർച്ചിൽ 27.55%-വുമാണ് തോറ്റത്.

(ബി) റഗുലർ സ്കൂളുകളിൽ സീറ്റ് ലഭിക്കാതെ പ്രൈവറ്റായി പരീക്ഷ എഴുതിയ കുട്ടികളുടെ വിജയ ശതമാനം 2002 മാർച്ചിൽ 36.8%-വും 2003 മാർച്ചിൽ 34.22%-വും 2004 മാർച്ചിൽ 37.8%-വുമാണ്.

(സി) റഗുലർ സ്കൂൾ വിദ്യാർത്ഥികളുടേയും പ്രൈവറ്റായി പഠിച്ച വിദ്യാർത്ഥികളുടേയും വിജയശതമാനം താരതമ്യം ചെയ്താൽ റഗുലർ വിദ്യാർത്ഥികളുടെ വിജയശതമാനം വളരെക്കൂടുതലാണ്. അതുകൊണ്ട് ചോദ്യം പ്രസക്തമല്ല.

ഹയർ സെക്കണ്ടറി സ്കൂളുകളിലെ അദ്ധ്യാപക നിയമനം

47 [2264] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളുകളിലെ അദ്ധ്യാപക നിയമനം സംബന്ധിച്ച സ്പെഷ്യൽ റൂളുകൾ ഏത് ഉത്തരവ് പ്രകാരമാണ് നിലവിൽ വന്നതെന്നും ഈ സ്പെഷ്യൽ റൂൾ എന്നു മുതലാണ് പ്രാബല്യത്തിൽ വന്നതെന്നും വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly